"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ന്റെ കേരള ബ്രാഞ്ച് സ്ഥാപക ദിനാഘോഷം - തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2997/2025/LSGD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-
1. നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കേരള പ്രസിഡന്റിന്റെ 19.08.2025 ലെ നിവേദനം.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 22-10-2025 തീയതിയിലെ LSGD/2704/2025-EMP4 നമ്പർ കത്ത്.

**ഉത്തരവ്**

നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കേരള ബ്രാഞ്ചിന്റെ സ്ഥാപക ദിനാഘോഷ പരിപാടികൾ എറണാകുളത്ത് വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നെന്നും പ്രസ്തുത ആഘോഷ പരിപാടികൾക്കും തുടർ പ്രവർത്തനങ്ങൾക്കുമായി വലിയ തുക ആവശ്യമായുണ്ടെന്നും കാഴ്ചപരിമിതരായവർ ഭൂരിഭാഗവും നിർധനരാണെന്നും ആയതിനാൽ പ്രസ്തുത ആവശ്യത്തിന് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തുന്നതിന് അനുമതി നൽകണം എന്നും ആവശ്യപ്പെട്ട് പ്രസ്തുത സംഘടന നൽകിയ നിവേദനം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കേരള ബ്രാഞ്ചിന്റെ സ്ഥാപക ദിനാഘോഷ പരിപാടികൾക്കും തുടർ പ്രവർത്തനങ്ങൾക്കുമായി എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ₹1000/- (ആയിരം രൂപ മാത്രം) രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ₹2000/-(രണ്ടായിരം രൂപ മാത്രം) വീതവും നഗരസഭകളിൽ നിന്നും ₹3000/- (മൂവായിരം രൂപ മാത്രം) രൂപ വീതവും കൊച്ചി കോർപറേഷൻ, എറണാകുളം ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ₹5000/-(അയ്യായിരം രൂപ മാത്രം) രൂപ വീതവും തദ്ദേശ

സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 19-12-2025 14:28:55

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.